പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1662 04.10.2016-ൽ മറുപടിയ്ക്ക്

## ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | വോളീബോൾ രംഗത്ത് ഇന്ത്യയുടെയും, കേരളത്തിന്റെയും പേര് അന്താരാഷ്ട്ര നിലവാരത്തിൽ എത്തിച്ച കേരള ഗവർണറുടെ എ.ഡി.സി-യായിരുന്ന അകാലമരണം വരിച്ച ശ്രീ.ഉദയകുമാറിന്റെ സ്മരണയ്ക്കായി ജന്മ നാടായ ആലപ്പുഴ ജില്ലയിൽ ഒരു ഇൻഡോർ സ്റ്റേഡിയവും , വോളിബോൾ അക്കാദമിയും തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ഉദയകുമാറിന്റെ സ്മരണയ്ക്കായി ജന്മനാടായ ആലപ്പുഴയിൽ ഒരു ഇൻഡോർ സ്റ്റേഡിയവും പ്രശസ്ത ദേശീയ വോളീബോൾ താരവും കോച്ചുമായിരുന്ന കവലൂർ ഗോപിനാഥിന്റെ പേരിൽ ഒരു വോളീബോൾ അക്കാദമിയും തുടങ്ങുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി ഈ ബജറ്റിൽ എത്രകോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ ഇതിനായുള്ള തുക വകയിരുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) | വോളീബോൾ അക്കാദമിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി എന്ന് തുടങ്ങുവാൻ സാധിക്കുമെന്ന കാര്യം വിവരിക്കുമോ ? | (സി) | പദ്ധതി കെ.ഐ.ഐ.എഫ്.ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-യിൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

Mary M

സെക്ഷൻ ഓഫീസർ